**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1608** **19-09-2025 - ൽ മറുപടിയ്ക്ക്**

**നദികളിലെ മണൽ നിക്ഷേപം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ നദികളിലെ മണൽ നിക്ഷേപത്തെക്കുറിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്.<br><br>ബഹു.ദേശീയ ഹരിത ട്രൈബ്യൂണലിന്റെ 14.10.2020 തീയതിയിലെ OA No. 40/2020 നമ്പർ ഉത്തരവിന്റെ പശ്ചാത്തലത്തിൽ സാൻഡ് ഓഡിറ്റിന്റെ അടിസ്ഥാനത്തിൽ മണൽ ലഭ്യത കണ്ടെത്തിയിരുന്ന 17 നദികൾ ഉൾപ്പെട്ട 11 ജില്ലകളിൽ നിന്നും (കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്) പാരിസ്ഥിതിക അനുമതിയോടുകൂടി മണൽ ഖനനം ആരംഭിക്കുന്നതിനായി പ്രസ്തുത ജില്ലകളുടെ ഡിസ്ട്രിക്ട് സർവ്വേ റിപ്പോർട്ട് (DSR) തയ്യാറാക്കൽ പഠനം കേന്ദ്രസർക്കാർ സ്ഥാപനമായ CSIR-NIIST (National Institute of Interdisciplinary Sciences and Technology) മുഖേന 14.02.2022-ലെ സ.ഉ (സാ. ധാ) നം.694/2022/ആർ.ഡി നമ്പർ ഉത്തരവ് പ്രകാരം നടത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പ്രകാരം കൊല്ലം, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കണ്ണൂർ, കാസർഗോഡ്, പത്തനംതിട്ട, എറണാകുളം എന്നീ 8 ജില്ലകളിൽ മണൽ ഖനന സാധ്യതയുള്ള സൈറ്റുകൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. അതിൽ കൊല്ലം, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കണ്ണൂർ, കാസർഗോഡ് എന്നീ 6 ജില്ലകളുടെ ഡി.എസ്.ആർ സ്റ്റേറ്റ് എൻവിയോൺമെന്റ് ഇംപാക്ട് അസ്സെസ്സ്മെന്റ് അതോറിറ്റിയുടെ (SEIAA) അംഗീകാരം ലഭിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ മണൽ ലഭ്യതയുള്ള രണ്ട് കടവുകളും കുളത്തൂപ്പുഴ റിസർവ് വനമേഖലയിലും കുളത്തൂപ്പുഴ ESA വില്ലേജ് പരിധിയിലും ഉൾപ്പെട്ടിട്ടുള്ളതിനാൽ പുഴമണൽ ഖനനം ഉൾപ്പെടെയുള്ള ഖനന പ്രവർത്തനങ്ങൾ പാടില്ല എന്ന് SEIAA നിർദ്ദേശിച്ചിട്ടുണ്ട്. പത്തനംതിട്ട |

| | | | |
|---|---|---|---|
| | | | ജില്ലകളുടെ കരട് ഡി.എസ്.ആർ SEIAA-യുടെ പരിഗണനയിലാണ്. എറണാകുളം ജില്ലയുടെ കരട് ഡി.എസ്.ആർ-ന്റെ സബ്-ഡിവിഷണൽ കമ്മറ്റിയുടെ സ്ഥല പരിശോധന പുരോഗമിക്കുന്നു. കോഴിക്കോട്, ഇടുക്കി, കോട്ടയം എന്നീ 3 ജില്ലകളിൽ കരട് ഡി.എസ്.ആർ പ്രകാരം മണൽ ഖനന സാധ്യതയുള്ള സൈറ്റുകൾ നിലവിലില്ല. പ്രസ്തുത ജില്ലകളിൽ മണൽ ലഭ്യത സംബന്ധിച്ചുള്ള പരിശോധന ആറുമാസത്തിനുശേഷം വീണ്ടും നടത്തുന്നതിനു 22.10.2024 തീയതിയിൽ ചേർന്ന സംസ്ഥാന ഉന്നതതല സമിതി യോഗം തീരുമാനിച്ചിട്ടുണ്ട്.<br><br>മലപ്പുറം, പാലക്കാട്, തൃശ്ശൂർ, കണ്ണൂർ, കാസർഗോഡ്, എറണാകുളം, പത്തനംതിട്ട എന്നീ 7 ജില്ലകളുടെ ഡിസ്ട്രിക്ട് സർവ്വേ റിപ്പോർട്ട് പ്രകാരം മണൽ ഖനന സാധ്യതയുള്ള 14 നദികളിലെ 189 (5 ഹെക്ടറിൽ കുറവ് വിസ്തൃതിയുള്ള സൈറ്റുകൾ -149 & 5 ഹെക്ടറിൽ കൂടുതൽ വിസ്തൃതിയുള്ള സൈറ്റുകൾ - 40) സാൻഡ് മൈനിംഗ് സൈറ്റുകളിലായി 1,70,25,861.48 മെട്രിക് ടൺ മൈനബിൾസ് സാൻഡ് ലഭ്യതയുള്ളതായി കണ്ടെത്തിയിട്ടുണ്ട് (പട്ടിക 1). പ്രസ്തുത സാൻഡ് മൈനിംഗ് സൈറ്റുകളുടെ ഗൈഡ്‌ലൈനുകൾ പ്രകാരമുള്ള അതിർത്തി നിർണ്ണയവും അവയുടെ സമ്മർ വാട്ടർ ലെവലിനെ മീൻ സീ ലെവലുമായി (MSL) ലിങ്ക് ചെയ്യുന്ന പ്രവർത്തനവും നിലവിൽ പുരോഗമിക്കുകയാണ്.<br><br>പട്ടിക 1 അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇങ്ങനെ വാരിയെടുക്കുന്ന മണൽ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഉണ്ട്.<br><br>പാരിസ്ഥിതിക അനുമതി (Environmental Clearance), കേന്ദ്ര പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള Enforcement and Monitoring Guidelines on Sand Mining-2020, 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമം, 2002-ലെ നദീതീര സംരക്ഷണ ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി നദികളിൽ നിന്നും വാരിയെടുക്കുന്ന മണൽ വിതരണം ചെയ്യുന്നതു സംബന്ധിച്ച സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP) പുറപ്പെടുവിക്കുന്ന വിഷയം സർക്കാർ തലത്തിൽ പരിശോധിച്ചു വരികയാണ്. |
| (സി) | നിർമ്മാണ പ്രവർത്തനങ്ങൾക്കായി മണൽ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും | (സി) | ഉണ്ട്. |

| | | | |
|---|---|---|---|
| | നിർദേശങ്ങൾ പരിഗണനയില്ലുണ്ടോ; വിശദമാക്കാമോ? | | പാരിസ്ഥിതിക അനുമതി (Environmental Clearance), കേന്ദ്ര പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള Enforcement and Monitoring Guidelines for Sand Mining-2020, 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമം, 2002-ലെ നദീതീര സംരക്ഷണ ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി നദികളിൽ നിന്നും വാരിയെടുക്കുന്ന മണൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ലഭ്യമാക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ ഇത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിക്കാൻ ഉദ്ദേശിക്കുന്ന സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയറിൽ (SOP) ഉൾപ്പെടുത്തുന്ന വിഷയം സർക്കാറിന്റെ സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**പട്ടിക 1 : ഡിസ്ട്രിക്ട് സർവ്വേ റിപ്പോർട്ട് (DSR) പ്രകാരമുള്ള സാൻഡ് മൈനിംഗ് സൈറ്റുകൾ – ജില്ലാടിസ്ഥാനത്തിൽ**

| **ക്രമ നമ്പർ** | **ജില്ല** | **നദി** | **5 ഹെക്ടറിൽ കുറവ് വിസ്തൃതിയുള്ള സൈറ്റുകൾ** | **5 ഹെക്ടറിൽ കൂടുതൽ വിസ്തൃതിയുള്ള സൈറ്റുകൾ** | **മൈനബിൾ സാൻഡ് (മെട്രിക് ടണ്ണിൽ)** |
|---|---|---|---|---|---|
| 1 | പത്തനംതിട്ട | അച്ചൻകോവിൽ | 7 | 0 | 113430 |
| | | പമ്പ | 12 | 1 | |
| 2 | എറണാകുളം | മൂവാറ്റുപുഴ | 2 | 0 | 38250 |
| | | പെരിയാർ | 5 | 0 | |
| 3 | മലപ്പുറം | ഭാരതപ്പുഴ | 3 | 8 | 5753931 |
| | | ചാലിയാർ | 19 | – | |
| | | കടലുണ്ടി | 6 | 0 | |
| 4 | പാലക്കാട് | ഭാരതപ്പുഴ | 29 | 17 | 7058044 |
| 5 | തൃശ്ശൂർ | ഭാരതപ്പുഴ | 16 | 11 | 3178126 |
| 6 | കണ്ണൂർ | വളപട്ടണം | 5 | 1 | 414129 |
| | | ശ്രീകണ്ഠാപുരം | 16 | 0 | |
| | | പെരുമ്പ | 3 | 0 | |
| 7 | കാസർഗോഡ് | ഷിറിയ | 4 | 1 | 469951.48 |
| | | ഉപ്പള | 7 | 1 | |
| | | ചന്ദ്രഗിരി-II | 3 | 0 | |
| | | മൊഗ്രാൽ | 12 | | |
| **ആകെ** | | | **149** | **40** | **1,70,25,861.48** |